**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 796** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പയ്യന്നൂർ ഗവഃഐടിഐയ്ക്ക് പുതിയ കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** തലശ്ശേരി നിയോജക മണ്ഡലത്തിൽ പയ്യന്നൂർ ഗവ: ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് നിലവിലനുവദിച്ച 6.25 കോടി രൂപ തികയാത്തതിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ അധികതുകയുടെ ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** തലശ്ശേരി നിയോജക മണ്ഡലത്തിൽ പന്ന്യന്നൂർ ഗവ. ഐ.ടി.ഐ ആണ് നിലവിലുള്ളത്. പന്ന്യന്നൂർ ഐ.ടി.ഐ-യുടെ കെട്ടിട നിർമ്മാണത്തിനായി 31.03.2020-ലെ സ.ഉ.(സാധാ) നം. 416/2020/തൊഴിൽ പ്രകാരം 6.25 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിരുന്നു. പ്രസ്തുത ഭരണാനുമതി പ്രകാരം പൂർത്തിയാക്കേണ്ടതായ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ, അധികമായി 3 കോടി രൂപയുടെ എക്സ്റ്റൻഡഡ് എസ്റ്റിമേറ്റ് (Extended Estimate) പൊതുമരാമത്ത് വകുപ്പ്, വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

**(ബി)** പയ്യന്നൂർ ഗവ: ഐ.ടി.ഐ.യ്ക്കുള്ള പുതിയ കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**